# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3773

## 15.03.2017 ലെ മറുപടിക്ക്

## <u>എം.എൽ.എ.മാരുടെ വികസന ഫണ്ടുകൾ</u>

| | ചോദ്യം<br>ശ്രീ. വി. കെ. സി. മമ്മത് കോയ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | എം.എൽ.എ.മാരുടെ വികസന ഫണ്ടുകൾ ഉപയോഗിച്ച് പൂർത്തീകരിക്കുന്ന പ്രവർത്തികളിൽ സാങ്കേതിക വിദഗ്ധർ പരിശോധിച്ച് റിപ്പോർട്ട് നൽകിയാലും എ.ഡി.എം. ചെന്ന് പരിശോധിച്ച ശേഷമേ ബില്ലുകൾ പാസ്സാക്കുകയുള്ളൂ എന്ന നിബന്ധന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | പ്രത്യേക വികസന നിധിയുടെ മാർഗ്ഗരേഖ പ്രകാരം ശുപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ച് കഴിഞ്ഞാൽ ഭരണാനുമതി തുകയുടെ 75% ആദ്യ ഗഡുവായി അനുവദിക്കുന്നതാണ്. ബാക്കി 25% തുക പ്രവൃത്തിയുടെ ഫിസിക്കൽ പുരോഗതി വിലയിരുത്തിയ ശേഷം അനുവദിക്കുന്നതാണ്. |
| (ബി) | ഇതുകാരണം പൂർത്തിയാക്കിയ നിരവധി പ്രവർത്തികളുടെ ബില്ലുകൾ മാസങ്ങളോളം മാറി നൽകാതിരിക്കുന്നതും ഇത് അഴിമതിക്ക് കളമൊരുക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | പ്രവൃത്തികളുടെ ബാഹുല്യവും വേണ്ടത്ര ജീവനക്കാരുടെ അഭാവവും ബില്ലുകൾ തീർപ്പാക്കുന്നതിന് കാലതാമസം വരുത്തുന്നുണ്ട്. |
| (സി) | ഈ പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | പ്രവൃത്തികളുടെ ബില്ലുകൾ കാലതാമസം കൂടാതെ അനുവദിക്കുന്നതിന് കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

Slathal

**സെക്ഷൻ ഓഫീസർ**